"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.സാം.കാ.വ-സി1/62/2023-സാം.കാ.വ

സാംസ്കാരികകാര്യ (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 03-09-2024

<u>സർക്കുലർ</u>

വിഷയം:- സാംസ്കാരികകാര്യ വകുപ്പ് - സാംസകാരിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകളുടെ / സ്ഥാപനങ്ങളുടെ അച്ചടി ജോലികൾ - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 09/05/2024 തീയതിയിലെ സർക്കാർ സർക്കുലർ നം. എസ്.പി.ഡി-13/216/2022-എസ്.പി.ഡി.

സൂചനയിലെ സർക്കുലർ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളുടെയും, സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ തുടങ്ങിയവയുടെയും അച്ചടി സംബന്ധമായ എല്ലാ ജോലികളും അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും, സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കാൻ സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രം സർക്കാരിതര / സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവൂയെന്നും, ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായ നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം, ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനമേധാവികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണെന്നും നിർദേശം നൽകിയിട്ടുണ്ട്.

2) മേൽ നിർദേശങ്ങൾക്ക് വിരുദ്ധമായി സാംസ്കാരികകാര്യ വകുപ്പിന് കീഴിലെ വകുപ്പ്/സ്ഥാപനങ്ങൾ അച്ചടി ജോലികൾ സർക്കാരിതര /സ്വകാര്യ പ്രസ്സുകളിൽ നിർവ്വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സാംസ്കാരികകാര്യ വകുപ്പിന് കീഴിലെ വകുപ്പ്/സ്ഥാപനങ്ങൾ അച്ചടി ജോലികൾ സർക്കാർ പ്രസ്സുകളിൽ മാത്രം നിർവ്വഹിക്കേണ്ടതാണെന്നും, അച്ചടി വകുപ്പിനു സാധിക്കാത്തവ ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടുകൂടി മാത്രം മറ്റു സർക്കാർ ഇതര /സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കേണ്ടതാണെന്നും, ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി നടപടികൾ സ്വീകരിക്കുന്ന ബന്ധപ്പെട്ട വകുപ്പ് / സ്ഥാപന മേധാവികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിക്കുന്നു.

സന്തോഷ് ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്
ഡയറക്ടർ, പുരാവസ്തു വകുപ്പ്
ഡയറക്ടർ, പുരാരേഖാ വകുപ്പ്
ഡയറക്ടർ, മ്യൂസിയവും മൃഗശാലയും വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്
ഡയറക്ടർ, മലയാളം മിഷൻ
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
രജിസ്ട്രാർ, കേരള കലാമണ്ഡലം ഡീമ്ഡ് യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ച
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി.
സെക്രട്ടറി, കേരള സാഹിത്യ അക്കാഡമി
സെക്രട്ടറി, കേരള ലളിതകലാ അക്കാഡമി
സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി
സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി
മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ
സെക്രട്ടറി,കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്,
സെക്രട്ടറി, ശ്രീ നാരായണ ഇൻറർനാഷണൽ സ്റ്റഡി സെൻ്റർ
സെക്രട്ടറി, വാസ്തുവിദ്യാ ഗുരുകുലം
മെമ്പർ സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ
സെക്രട്ടറി, ഗുരു ഗോപിനാഥ് നടനഗ്രാമം
സെക്രട്ടറി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് 22. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ
സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി.
സെക്രട്ടറി, കൊങ്കണി സാഹിത്യ അക്കാഡമി
ഡയറക്ടർ, ഡിപ്പാർട്ടുമെൻ്റ് ഓഫ് സെൻ്റർ ഫോർ ഹെറിറ്റേജസ് സ്റ്റഡീസ്
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്
അക്കൗണ്ടൻ്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ് I/II) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി(C1/62/2023-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 04-09-2024 10:26:42
സെക്ഷൻ ഓഫീസർ.

പകർപ്പ്:
ബഹു. സാംസകാരിക കാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സാംസകാരിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ-ക്ക്.